നം.ഇ.എസ് 2/5908/2020/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 28/01/2020

# സർക്കുലർ

വിഷയം :- ആ.വ.ഡ – 2020 വർഷത്തിൽ ഒഴിവു വരുന്ന സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി & ട്രഷറർ/അക്കൌണ്ട്സ് ആഫീസർ എന്നീ തസ്തികകളിലേക്ക് പ്രമോഷൻ നൽകുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ടും മറ്റ് അനുബന്ധരേഖകളും ആവശ്യപ്പെടുന്നത് – സംബന്ധിച്ച്.

സൂചന:-
1. ഇ.ഡി3-30/2020/ആ.വ.ഡ, തീയതി. 04.01.2020
2. ഇ. എസ് 2-57469/2018/ആ.വ.ഡ, തീയതി. 13.09.2018
3. ഇ. എസ് 2-78700/2019/ആ.വ.ഡ, തീയതി. 22.11.2019
4. ഇ. എസ് 2-1077/2019/ആ.വ.ഡ, തീയതി. 11.01.2019 നമ്പർ സർക്കുലർ

2020 വർഷത്തിൽ സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി & ട്രഷറർ/അക്കൌണ്ട്സ് ആഫീസർ എന്നീ തസ്തികകളിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സൂചന 2 പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ **88** മുതൽ **99** വരെ ഉൾപ്പെട്ടിട്ടുള്ളതും (പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സൂചന 4 പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന സർക്കുലറിൽ സൂപ്പർസീഡ് ചെയ്യിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാർ (റാങ്ക് നമ്പർ **29, 46, 74, 79**) സൂചന 3 പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 1 മുതൽ 60 വരെ ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാർ (പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) 2017, 2018, 2019 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഇനിയും സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചതിന്റെ ഉത്തരവ് പകർപ്പും സഹിതം 2020 ഫെബ്രുവരി 15 നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകൾവശത്തായി അവരവരുടെ മൊബൈൽ ഫോൺ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സെൽഫ് അസസ്സ്മെന്റ് വ്യക്തമായും കാര്യമാത്ര പ്രസക്തമായും, കഴിവതും ടൈപ്പ് ചെയ്തും സമർപ്പിക്കേണ്ടതാണ്. ഒരു കലണ്ടർ വർഷത്തേയ്ക്കാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടുള്ളതും സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ളതുമായ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും മറ്റ് അനുബന്ധ രേഖകളും കർശനമായും വാങ്ങി പരിശോധിക്കേണ്ടതും ആയത് സമയപരിധിക്കുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനാൽ ഏതെങ്കിലും ഓഫീസർമാരെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന്റെ ഉത്തരവാദിത്വം അതാത് ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിഷിപ്തമായിരിക്കും.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം

സീനിയോറിറ്റി ലിസ്റ്റ് – 2 Nos